ഉത്തരം

(എ) ഇപ്പോൾ ആലോചനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**14 (1737) കാപ്പക്സിലെ ക്രമക്കേട്**

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-98 കാലയളവിൽ കാപ്പക്സിലെ എം.ഡി. സ്വന്തമായി കൈപ്പറ്റിയിട്ടുള്ള വൗച്ചറുകൾ ഏതെല്ലാം എന്നും എത്ര തുകയ്ക്കുള്ള താണ് എന്നും വെളിപ്പെടുത്തുമോ;

(ബി) കാപ്പക്സിലെ ചെലവുകളുടെ നിജസ്ഥിതി സ്ഥിരീകരിക്കാനുതകുംവിധം ഒരു വിജിലൻസ് അന്വേഷണത്തിന് ഉത്തരവുണ്ടാകുമോ;

(സി) കാപ്പക്സിലെ ഓഡിറ്റ് സംവിധാനം വിശദീകരിക്കുമോ;

(ഡി) ഏതുവർഷം വരെയുള്ള കണക്കുകൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്;

(ഇ) ക്രമക്കേടുകളിന്മേൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 1996-98-ലെ കാലയളവിലെ കാപ്പക്സിലെ ചെലവുകൾ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിച്ചാലുടൻ ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) കാപ്പക്സിൽ സഹകരണ വകുപ്പിൽനിന്നും കൺകറന്റ് ഓഡിറ്റ്, ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്, റിയാബ് ഇൻസ്പെക്ഷൻ എന്നിവയാണ് നടന്നുവരുന്നത്.

(ഡി) സർക്കാരിന്റെ അംഗീകാരം ആവശ്യമില്ല. സഹകരണ വകുപ്പിന്റെ കൺകറന്റ് ഓഡിറ്റ് വിഭാഗം 1994-95 വരെ നടത്തിയ ഓഡിറ്റ് റിപ്പോർട്ട് സഹകരണസംഘം രജിസ്ട്രാർ അംഗീകരിച്ചിട്ടുണ്ട്.

(ഇ) ഓഡിറ്റ് റിപ്പോർട്ടുകളിൽ പറയുന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ടവർക്കെതിരെ കാപ്പക്സ് നടപടി സ്വീകരിച്ചുവരുന്നു.

**15 (1742) സ്വകാര്യ ഫ്ളാറ്റ് കാപ്പെക്സിന്റെ ഓഫീസായി ഉപയോഗിച്ചുവെന്ന പരാതി**

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നന്തൻകോട് പണ്ഡിറ്റ്സ് കോളനി ഇ. എഫ്. 116 ഗ്രൗണ്ട് ഫ്ളോർ ഫ്ളാറ്റ് എം. അബ്ദുൽ റഹ്മാൻ എന്നയാളിന്റെ

LIBRARY ARCHIVES Kerala Legislative Assembly